**പതിനാലാം കേരള നിയമസഭ**
**പതിനാറാം സമ്മേളനം**

| | |
|---|---|
| നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ - 3632 | 11.11.2019-ൽ മറുപടിക്ക് |

## മുഖ്യമന്ത്രിയുടെ സോഷ്യൽ മീഡിയ അക്കൗണ്ടുകൾ

| ചോദ്യം<br>**ശ്രീ.പി.കെ.ബഷീർ** | ഉത്തരം<br>പിണറായി വിജയൻ<br>(മുഖ്യമന്ത്രി) |
|---|---|
| (എ) മുഖ്യമന്ത്രിയുടെ സോഷ്യൽ മീഡിയ അക്കൗണ്ടുകൾ കൈകാര്യം ചെയ്യുന്നതിനായി എത്ര തുകയാണ് ഓരോ വർഷവും നീക്കി വയ്ക്കുന്നതെന്ന് അറിയിക്കുമോ; | (എ) സോഷ്യൽ മീഡിയ അക്കൗണ്ടുകളുടെ പരിപാലനത്തിന് മാത്രമായി പ്രത്യേകം തുക നീക്കി വയ്ക്കാറില്ല. മുഖ്യമന്ത്രിയുടെ ഔദ്യോഗിക വെബ് സൈറ്റ് പരിപാലനത്തിന് വരുന്ന മൊത്തം തുകയുടെ ഒരു ഭാഗം മാത്രമാണ് സോഷ്യൽ മീഡിയ അക്കൗണ്ടുകളുടെ പരിപാലനത്തിനായി വരുന്നത്. |
| (ബി) എങ്കിൽ ഇതിനായി നാളിതു വരെയായി ചെലവഴിച്ച തുകയുടെ വിശദാംശം നൽകാമോ; | (ബി) മുഖ്യമന്ത്രിയുടെ ഔദ്യോഗിക വെബ് സൈറ്റ്, സോഷ്യൽ മീഡിയ അക്കൗണ്ടുകളുടെ പരിപാലനം എന്നിവയ്ക്കായി നാളിതുവരെ 179.45 ലക്ഷം രൂപ ചെലവഴിച്ചിട്ടുണ്ട്. |
| (സി) പ്രസ്തുത അക്കൗണ്ടുകൾ കൈകാര്യം ചെയ്യുന്നതിനായി എത്ര പേരെ നിയമിച്ചിട്ടുണ്ടെന്ന് അറിയിക്കുമോ; വിശദാംശം നൽകുമോ? | (സി) ഔദ്യോഗിക വെബ് സൈറ്റ്, സോഷ്യൽ മീഡിയ അക്കൗണ്ടുകളുടെ പരിപാലനം എന്നിവയുടെ ഭാഗമായി 9 പേരെ നിയമിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ